# ‘ദൈവ പ്രകാശവും സത്യവും’

## സങ്കീർത്തനം 43:03

‘‘നിന്റെ പ്രകാശവും സത്യവും അയച്ചു തരേണമേ; അവ എന്നെ നടത്തുമാറാകട്ടെ, നിന്റെ വിശുദ്ധ പർവ്വതത്തിലേക്കും തിരുനിവാസത്തിലേക്കും അവ എന്നെ എത്തിക്കുമാറാകട്ടെ’’

സങ്കീർത്തനക്കാരന്റെ ജീവിതത്തിന്റെ പരമപ്രധാനമായ ലക്ഷ്യം ദൈവത്തിന്റെ വിശുദ്ധ മന്ദിരത്തിലും തിരുനിവാസത്തിലും എത്തിച്ചേരുക എന്നതാകുന്നു. അതേ അവന് ഒരു യാത്ര ഉണ്ട്, നടപ്പ് ഉണ്ട്. ഈ യാത്രയുടെ വഴി തെളിയണമെങ്കിൽ പ്രകാശം വേണം. ഇരുട്ടാകുന്ന മറ നീങ്ങിപ്പോകണം. ജീവിതത്തിൽ മുന്നോട്ടുള്ള വഴി കാണണമെങ്കിൽ പ്രകാശം കൂടിയേ തീരൂ എന്നും അത് മറഞ്ഞിരിക്കുന്ന പലതിനെയും വെളിപ്പെടുത്തുന്നു എന്നും സങ്കീർത്തനക്കാരൻ മനസ്സിലാക്കുന്നു. സകല അന്ധകാരവും ദൈവീക പ്രകാശം കൊണ്ട് നിറഞ്ഞു കഴിയുമ്പോഴാണ് ദൈവീകസത്യം വെളിപ്പെടുന്നത്. അതുകൊണ്ട് ഒരു ഭക്തന് ജീവിക്കണമെങ്കിൽ ഈ രണ്ടു ഘടകങ്ങളും കൂടിയേ തീരൂ എന്ന സത്യം, അതേ ‘‘അവന്റെ പ്രകാശവും സത്യവും’’ ഇവിടെ കോരഹ് പുത്രന്മാർ ഉറപ്പിച്ചു കാണിക്കുന്നു.

അന്ധകാര പൂരിതമായ ലോകത്തിന്റെ സാഹചര്യങ്ങളിൽ വെളിച്ചം പരത്തുന്ന ദൈവമക്കളായി ജീവിക്കണം എന്നതാണ് ഒരു ഭക്തന്റെ ജീവിതത്തിലെ ഇവമഹഹമിഴല. അത് ജയകരമായി തന്നെ മുന്നോട്ടു പോകണമെങ്കിൽ ‘‘ഞാൻ തന്നെ വഴിയും സത്യവും’’ എന്ന് പറഞ്ഞവന്റെ വെളിച്ചം ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ആഞ്ഞടിച്ചേ മതിയാകൂ.

പ്രിയ ദൈവമക്കളെ, നമുക്കറിയാം ഇന്ന് നാം കാണുന്നതെല്ലാം മാറിപ്പോകും. എന്നാൽ സത്യവും നിലനിൽക്കുന്നതുമായ ഒന്ന് ‘‘ദൈവവചനം’’ മാത്രമാകുന്നു. ‘വചനമാകുന്ന സത്യം’ നമ്മുടെ ജീവിതത്തിന്റെ എല്ലാ പാതകളെയും നിയന്ത്രിക്കാൻ വിട്ടുകൊടുക്കാം. വചനത്തിന്റെ സത്യത്തിൽ നിന്നു മാത്രമേ ദൈവീക വെളിച്ചത്തിന്റെ ശോഭയും മാധുര്യവും അനുഭവിക്കാനും സാധിക്കൂ. ‘‘നിന്റെ പ്രകാശവും സത്യവും അയച്ചു തരേണമേ’’ എന്ന് പ്രാർത്ഥിക്കുന്നതാണ് നാം കണ്ടത്. അയക്കേണ്ടവൻ അയച്ചാലേ നമുക്ക് ലഭിക്കൂ.. അതേ, രണ്ടിന്റെയും ഉറവിടം ദൈവത്തിൽ നിന്നു മാത്രമാണെന്ന പരമമായ സത്യം നാം കാണുന്നു. ‘തിരുനിവാസം വിശുദ്ധ പർവ്വതം’ അവിടേക്കുള്ള യാത്ര കോരഹ് പുത്രന്മാർ കാംക്ഷിക്കുന്നു. ഈ രണ്ടു പ്രയോഗങ്ങളും ദൈവീക സാന്നിദ്ധ്യത്തിന്റെ പരമോന്നതമായ അനുഭവം ആണ് നമുക്ക് കാണിച്ചു തരുന്നത്.

കർത്ത്യു സാന്നിദ്ധ്യത്തിൽ അവനോടുകൂടെ അവന്റേതായി മാത്രം നടക്കാൻ, ദൈവസാന്നിദ്ധ്യ ബോധത്തിൽ ജീവിക്കാൻ ഓരോ ദൈവപൈതലിനും ഈ ‘വെളിച്ചവും സത്യവും’ കൂടിയേ തീരൂ. തിരുനിവാസം വിശുദ്ധ പർവ്വതം അതാകുന്നു ഒരു ഭക്തന്റെ ആത്യന്തികമായ ലക്ഷ്യം. അതേ, നിത്യം കർത്താവുമായുള്ള ഒരു വാസം. അതിനായി ക്രിസ്തുവിന്റെ പ്രകാശവും വചനമാകുന്ന സത്യവും അയച്ചു തരേണമേ എന്ന് കോരഹ് പുത്രന്മാരോടൊത്ത് നമുക്കും പ്രാർത്ഥിക്കാം.

**പരാമർശം :**

**യെശയ്യാവ് 09:02**

**ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു; അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെ മേൽ പ്രകാശം ശോഭിച്ചു.**

**സിസ്റ്റർ ബിന്ദു റെജി അയ്മനം 102**